# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തുവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

**ഇ-മെയിൽ: dompm.ksad@kerala.gov.in**
**ഫോൺ : 0483-2734951**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.24/2325/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/12/2025
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുവ്വൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 02/12/2025

കെ.എസ്.എ.എം.പി.എം.24/2325/2025

## മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 14-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അശ്റഫ് പെരുമ്പള്ളി, കെഎഎസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-09-2025 | 24-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-09-2025 | 24-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അബ്ദുൽ ഗഫൂർ സി , ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ്. വി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അമീൻ ഫൈസൽ. ടി.ടി. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിം. എൻ .വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പി.ടി. ജ്യോതി | പ്രസിഡന്റ് | 01-04-2024 | 29-04-2024 |
| ശ്രീ. ടി.എ. ജലീൽ | പ്രസിഡന്റ് | 30-04-2024 | 17-05-2024 |
| ശ്രീമതി. ജസീന . സി.ടി | പ്രസിഡന്റ് | 18-05-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഷുക്കൂർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷഫീഖ്.എം | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. കവിത കെ. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീ. സാബിത്ത് പി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 25-09-2024 |
| ശ്രീ. ജിഷ്ണു ഉദയൻ. യു. എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് 2 | 26-09-2024 | 27-01-2025 |
| ശ്രീ. ശ്യാംജിത്ത്. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 28-01-2025 | 31-03-2025 |
| ശ്രീമതി. ദിവ്യ ജി.എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. സജിന പി. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2024 | 31-03-2025 |
| ഡോ. മുഹമ്മദ് ഷഫീക്ക് എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2024 | 31-03-2025 |
| ശ്രീ. അഭിജിത്ത് എം. ജി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 20-09-2024 |
| ശ്രീ. സൽമാൻ. സി | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്) | 21-09-2024 | 30-09-2024 |
| ശ്രീമതി. ആര്യ. ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2024 | 31-03-2025 |
| ശ്രീ.ഗോപാല കൃഷ്ണൻ .സി | ഹെഡ് മാസ്റ്റർ | 01-04-2024 | 13-06-2024 |
| ഒഴിവ് | ഹെഡ് മാസ്റ്റർ | 14-06-2024 | 18-06-2024 |
| ശ്രീ. രാജ ഗോപാലൻ. വി | ഹെഡ് മാസ്റ്റർ | 19-06-2024 | 31-03-2025 |
| ശ്രീമതി. ശ്രീജ കെ.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 02-08-2024 |
| ശ്രീമതി. സിദ്റത്തുൽ മുൻതഹ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 03-08-2024 | 13-08-2024 |
| ശ്രീമതി. ശ്രീലത ടി.വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 14-08-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം | 1-1-3 |
| 5 | KURDFC ലോൺ തിരിച്ചടവ് കുറവായി അക്കൗണ്ട് ചെയ്തു | 1-1-4 |
| 6 | KURDFC ലോൺ തിരിച്ചടവാക്കാനുള്ള തുകയിൽ വ്യത്യാസം | 1-1-5 |
| 7 | ലേല ഇനത്തിലെ വരവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം | 1-1-6 |
| 8 | ലൈസൻസ് ഫീ മുൻകൂർ വരവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-7 |
| 9 | ഡപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. | 1-1-8 |
| 10 | ഡപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-9 |
| 11 | MGNREGS ആസ്ഥി ആർജിച്ചത് വാർഷിക കണക്കിൽ ഉൾപ്പടുത്തിയിട്ടില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക നില | 1-3 |
| 14 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം. | 1-11 |
| 22 | ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ. | 1-12 |
| 23 | അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല. | 1-13 |
| 24 | ലൈവ് സ്റ്റോക്ക് ഫാമിന് ലൈസൻസ് ഫീകുറവായി ഈടാക്കി | 1-14 |
| 25 | തൊഴിൽ നികുതി - അപാകതകൾ | 1-15 |
| 26 | റോഡ് കട്ടിംഗ് - റീസ്റ്റോറേഷൻ വിവരം ലഭ്യമാക്കേണ്ടതാണ് | 1-16 |
| 27 | പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-17 |
| 28 | വാഹന ഇൻഷൂറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-18 |
| 29 | ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം. | 1-19 |
| 30 | വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല. | 1-20 |
| 31 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല. | 1-21 |
| 32 | വിവിധ അങ്കണവാടികളിലെ കുഴൽ കിണറുകളിലേക്ക് മോട്ടോർ പമ്പ് സ്ഥാപിക്കുന്നതിന് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് തുക അടവാക്കൽ - വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമായില്ല. | 1-22 |
| 33 | മോട്ടോർ പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കൽ - പഴയ മോട്ടോർ പമ്പ് സെറ്റുകൾ കൈയൊഴിയുന്നതിന് നടപടികൾ സ്വീകരിച്ചില്ല. | 1-23 |
| 34 | കോക്ലിയാർ ഇംപ്ലാന്റേഷന് ഫണ്ട് കൈമാറൽ- വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 1-24 |

| | | |
|---|---|---|
| 35 | തുല്യത പരീക്ഷ- രേഖകൾ  ഹാജരാക്കേണ്ടതാണ്. | 1-25 |
| 36 | സ്കൂളുകളിലേക്ക് ഫർണിച്ചർ  വാങ്ങൽ- രേഖകൾ  ഹാജരാക്കേണ്ടതാണ്. | 1-26 |
| 37 | SSA വിഹിതം നൽകൽ- വിശദമായ വിനിയോഗ വിവരം ലഭ്യമക്കേണ്ടതാണ്. | 1-27 |
| 38 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി. | 1-28 |
| 39 | അംഗൻവാടി അനുപൂരക പോഷകാഹാരം - ടി.ഡി .എസ് ഈടാക്കാതെ തുക നൽകി | 1-29 |
| 40 | മാതോത്ത് അംഗനവാടി നിർമ്മാണം (184/25)- അധിക ചെലവ് സംബന്ധിച്ച്. | 1-30 |
| 41 | മാതോത്ത് കുടിവെള്ള പദ്ധതി (150/25)- GI പൈപ്പ് സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി. | 1-31 |
| 42 | വൃദ്ധർക്ക് കട്ടിൽ  വിതരണം. കൈപറ്റ് ഒപ്പ് രേഖപ്പടുത്തിയില്ല. | 1-32 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധികം തുക നൽകി. | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച പരിശോധന. | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ  അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ /വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 19.07.2025 തീയതിയിലെ 4/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

ഡെപ്യൂട്ടി ഡയറക്ടർ

സ്ഥലം : മലപ്പുറം
തീയതി: 02-12-2025

### 1-1-2 വാർഷിക അനുപാതങ്ങൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ തുക വ്യത്യാസം

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ' ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ' (A+B+C) ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ല.

## 1-1-4 KURDFC ലോൺ തിരിച്ചടവ് കുറവായി അക്കൗണ്ട് ചെയ്തു

KURDFC ലോൺ തിരിച്ചടവിലേക്ക് 2024-25 സാമ്പത്തിക വർഷം 6020784 രൂപ (General – 2675875, SCP – 3229609, TSP-115300 ) അടവാക്കിയിട്ടുണ്ട്. എന്നാൽ ട്രയൽ ബാലൻസ് പ്രകാരം Secured Loan 330500201 എന്ന Headൽ 4343770 രൂപ മാത്രമാണ് ബുക്ക് ചെയ്തിട്ടുള്ളത് . 1677014 രൂപ വാർഷികകണക്കിൽ അക്കൗണ്ട് ചെയ്തില്ല.

## 1-1-5 KURDFC ലോൺ തിരിച്ചടവാക്കാനുള്ള തുകയിൽ വ്യത്യാസം

വാർഷിക കണക്ക് B-5 പ്രകാരം 2024-25 സാമ്പത്തിക വർഷം അവസാനം 68083615 രൂപ KURDFC ലോൺ ഇനത്തിൽ അടവാക്കാനുണ്ട്. എന്നാൽ പദ്ധതി നമ്പറുകൾ 290/25, 291/25, 292/25, 293/25, 294/25, 295/25 എന്നിവ പ്രകാരം 60,20,784 രൂപയുടെ ലോൺ രജിസ്റ്റർ പേജ് നമ്പർ 8 ൽ രേഖപ്പെടുത്തൽ പ്രകാരം 66406601 രൂപയും ആണ് വർഷാവസാനത്തിൽ ലോൺ തിരിച്ചടവ് ബാക്കിയുള്ളത്.

## 1-1-6 ലേല ഇനത്തിലെ വരവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം

ലേല രജിസ്റ്റർ പ്രകാരം മരം മുറിച്ച് വിറ്റ വകയിൽ 13100 രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് RP-5 (Receipt From Sale Of Timber) പ്രകാരം 9950 രൂപയാണ് രേഖപ്പടുത്തിയത്.

## 1-1-7 ലൈസൻസ് ഫീ മുൻകൂർ വരവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം.

AFS B-9 (Advance Fee License Fee For Factories , Traders, Enterprenuers And Other Service ) പ്രകാരം 58700 രൂപ രേഖപ്പടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റ ലൈസൻസ് രജിസ്റ്റർ DCB പ്രകാരം അഡ്വാൻസ് വരവ് 76300 രൂപ.

## 1-1-8 ഡപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

ഡപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 340109901 Other Depositഎന്ന Headൽ 76493 രൂപ അടവാക്കിയതായി രേഖപ്പടുത്തിയിട്ടുണ്ട് . എന്നാൽ ടി Head വാർഷികകണക്ക് 2024-25 (RP 33 (P) ൽ തുക രേഖപ്പെടുത്തിയതായി കാണുന്നില്ല.

## 1-1-9 ഡപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കിൽ രേഖപ്പെടുത്തിയതിൽ വ്യത്യാസം.

ഡപ്പോസിറ്റ് രജിസ്റ്റർ-വാർഷികകണക്ക് തുക രേഖപ്പെടുത്തിയതിൽ വ്യത്യാസം

| Head | ഡപ്പോസിറ്റ് രജിസ്റ്റർ (2024-25) | വാർഷികകണക്ക് 2024-25 (RP 33 (R) പ്രകാരം |
|---|---|---|
| Contractors Retention (340100101) | 13155 | 101350 |
| Other Deposit | 46409 | 0 |

## 1-1-10 MGNREGS ആസ്ഥി ആർജിച്ചത് വാർഷിക കണക്കിൽ ഉൾപ്പടുത്തിയിട്ടില്ല

തൻവഷം MNREGS നിർമ്മാണ പ്രവൃത്തികൾക്ക് ചെലവ് ചെയ്ത തുകകൾ (ഉദ: വാർഡ് 7 , കൂവ്വപ്പുറം പാടം റോഡ് കോൺക്രീറ്റിംഗ്, 300396.06 രൂപ) തൻവഷം വാർഷിക കണക്ക് B-3ൽ ഉൾപ്പടുത്തിയിട്ടില്ല

## 1-2 ബജറ്റ്

| 2024-25 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./ തിയ്യതി | (പുതുക്കിയത്) തീരുമാന നമ്പർ./ തിയ്യതി |
|---|---|
| 1 (1)/ 12.02.2024 | 4 / 22.03.2025 |

## 1-3 സാമ്പത്തിക നില

| ഇനം | തുക |
|---|---|

| | |
|---|---|
| മുന്നിരിപ്പ് | 63379050 |
| വരവ് | 80117231 |
| ആകെ | 143496281 |
| ചെലവ് | 95721147 |
| നീക്കിയിരിപ്പ് | 47775134 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23016925 | 23016925 | 23016925 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6690391 | 6690391 | 6690391 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 57700 | 57700 | 57700 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 29837000 | 29837000 | 27121815 | 2715185 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 8927000 | 8927000 | 7035667 | 1891333 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 11243182 | 11243182 | 5944305 | 5298877 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 4580462 | 4580462 | 7269053 | -2688591 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|
| 250 | 368619346 | 168 | 127286672 | 82 | 67.2 |

കുറിപ്പ്-സുലേഖ ചെലവ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 2848 | 1298545 | 1301393 | 1300393 | 1000 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30657701 | 30657701 | 30657701 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി വേതനം | 2929600 | 170 |
| വിധവാപെൻഷൻ | 19168200 | 1237 |
| വാർദ്ധക്യകാല പെൻഷൻ | 28921600 | 1950 |
| വികലാംഗ പെൻഷൻ | 6535400 | 412 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ സഹായം | 1474000 | 92 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.09.2025 ന് 11.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 500/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1). പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2). തൊഴിൽ നികുതി, മാലിന്യസംസ്ക്കരണം, കെട്ടിടനിർമ്മാണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

3). വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട് ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് ഉൾപ്പെടുത്താവുന്നതാണ്.

4). പദ്ധതി മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

5). തെരുവ് വിളക്കുകളുടെ കൃത്യവും കാലികവുമായ വിവരം നൽകുന്ന രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

6). ഹെഡ്മാസ്റ്റർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

7). ബിൽഡിംഗ് റഗുലറൈസേഷൻ രജിസ്റ്ററിലെ 39 മുതൽ 42 വരെയുള്ള പേജുകളിൽ ബിൽഡിംഗ് വിസ്തൃതി, ബിൽഡിംഗിന്റെ വിനിയോഗം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.12.2022 | 10/22 To 11/22 | 12.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.12.2007 | 1997-98 മുതൽ 2006-07 വരെ | 28.01.2008 |

## 1-11 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും- അവലോകനം.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശ പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 2021-22 സാമ്പത്തിക വർഷം മുതൽ ഗ്രാമപഞ്ചായത്തുകൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിരുന്നു. ഗ്രാമ പഞ്ചായത്തുകളിൽ ആരോഗ്യ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3 സ്കീമുകളിലായാണ് തുക ലഭിക്കുന്നത്. ബഹു. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 16.05.2025 തീയതിയിലെ ഡി.കെ.എസ്.എ./201/PT1/2025 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2024-25 വർഷത്തെ വാർഷിക ഓഡിറ്റിന്റെ ഭാഗമായി തുവ്വൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെയുള്ള വർഷങ്ങളിൽ ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ച പ്രോജക്ടുകളുടെയും, ചെലവഴിച്ച തുകകളുടെയും വിവരങ്ങൾ പരിശോധിച്ചു. ഓഡിറ്റ് എൻകയറി നമ്പർ 3/15.09.2025 ന് സ്ഥാപനം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് ചുവടെ ചേർക്കുന്നു .

**1).** ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ (വർഷം, ഇനം തിരിച്ച്).

| വർഷം. | സ്കീം -1<br>Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs | സ്കീം - 3<br>Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs | സ്കീം - 4<br>Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres | ആകെ. |
|---|---|---|---|---|
| 2021-22 | - | - | - | - |

| | | | | |
|---|---|---|---|---|
| 2022-23 | - | - | 135000 | 135000 |
| 2023-24 | - | 1170431 | 414000 | 1584431 |
| 2024-25 | - | 417000 | 659000 | 1076000 |
| ആകെ. | - | 1587431 | 1208000 | 2795431 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം).

| വർഷം. | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ |
|---|---|---|---|---|
| 2021-22 | - | - | - | - |
| 2022-23 | - | - | - | - |
| 2023-24 | | 583686 | 131537 | 715223 |
| 2024-25 | | 441697 | 323738 | 765435 |
| ആകെ. | | 1025383 | 455275 | 1480658 |

3). ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ).

| വർഷം. | സ്കീം -1 | സ്കീം - 3 | സ്കീം - 4 | ആകെ. |
|---|---|---|---|---|
| 2024-25 | | 592222 | 772771 | 1364993 |

4). നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം.

| വർഷം. | പദ്ധതിയുടെ പേര്. | ചെലവ് തുക. |
|---|---|---|
| 2023-24 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(185/24) | 261448 |
| | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(255/24) | 322238 |
| | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (184/24) | 129500 |
| | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (256/24) | 2037 |
| 2024-25 | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ(240/25) | 441697 |
| | കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രത്തിലും ഹെൽത്ത് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (241/25) | 323738 |
| ആകെ. | | 1480658 |

4). ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ഇല്ല.

(കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്കും ഉപകേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം-1 പ്രകാരമുള്ള ഗ്രാന്റ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.)

ഗ്രാന്റ് വിനിയോഗ പുരോഗതി/ ഫലപ്രാപ്തി.

ദിനംപ്രതി 300 നടുത്ത് രോഗികൾ Morning & Evening ഒ.പി.യിലായി കുടുംബാരോഗ്യ കേന്ദ്രത്തിൽ ചികിത്സക്കായി എത്തുന്നുണ്ട്. 3 ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

സാമ്പത്തിക വർഷാവസാനം ലഭിച്ച ഗ്രാന്റ് തുകയും അതിന്റെ പലിശയും മാത്രമാണ് അക്കൗണ്ടിൽ അവശേഷിക്കുന്നത്. സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ജൽജീവൻ മിഷൻ പദ്ധതി സംബന്ധിച്ച വിവരങ്ങൾ.

2024 വർഷത്തോടു കൂടി കേരളത്തിലെ എല്ലാ ഗ്രാമീണഭവനങ്ങളിലും കുറഞ്ഞ ചെലവിൽ ലളിതമായ നടപടിക്രമങ്ങളിലൂടെ കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനാണ് ജൽജീവൻ മിഷൻ രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് 50 ശതമാനം കേന്ദ്ര വിഹിതവും 50 ശതമാനം സംസ്ഥാന വിഹിതവുമാണ്. സംസ്ഥാന വിഹിതമായി ഉൾപ്പെടുത്തിയ തുകയുടെ 15% പഞ്ചായത്തും 10% ഗുണഭോക്താക്കളും വഹിക്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്.

മലപ്പുറം ജില്ലയിലെ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ കൊടുക്കുന്നു.

1). കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജൽജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വിഹിതമായ 15%, ഗുണഭോക്തൃ വിഹിതമായ 10% എന്നിവ ഗ്രാമപഞ്ചായത്ത് നാളിതുവരെ കൈമാറിയിട്ടില്ല.
2). ജൽജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നാളിത് വരെ തുകയൊന്നും ലഭിച്ചിട്ടില്ല.

3). ജൽജീവൻ മിഷൻ പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തിൽ 9,26,250/- രൂപ ചെലവഴിച്ച് (163/24 – ജലജീവൻ മിഷൻ) സ്ഥലം വാങ്ങി കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.
4). ജൽജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് നാളിതുവരെ ഗ്രാമപഞ്ചായത്തിന് ഫണ്ട് ലഭിച്ചിട്ടില്ല.

## 1-13 അനധികൃത നിർമ്മാണങ്ങൾ-ഫീൽഡ് പരിശോധന/പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ല.

2011 കേരളാ പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. 2023ലെ വസ്തു നികുതി പുതുക്കി നിർണ്ണയിക്കൽ സംബന്ധിച്ച, സ.ഉ(കൈ) നം. 77/2023/LSGD തിയതി 22.03.2023 നമ്പർ ഉത്തരവിലെ ക്രമ നമ്പർ 7 നിർദ്ദേശം പ്രകാരവും മേൽ കാര്യം വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 10 നിർദ്ദേശം പ്രകാരം കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ നികുതി പുനർനിർണ്ണയിക്കേണ്ടതും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023 ന് മുമ്പായി പൂർത്തീകരിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിരുന്നതുമാണ്.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് 2 വർഷത്തിനു ശേഷം ഏത് സമയത്തും സെക്രട്ടറിക്ക് രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച മീ വരെയുള്ള വാണിജ്യകെട്ടിടങ്ങൾ, ആരാധനാകെട്ടിടങ്ങൾ, G1, G2, I ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2019ലെ സർക്കുലർ നം. ആർ.എ.1/20/2018-ത.സ്വ.ഭ.വ സർക്കുലർ പ്രകാരം ചട്ടപ്രകാരം കെട്ടിടങ്ങളുടെ പാർക്കിംഗിനായി നീക്കിവെച്ച സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നില്ല എന്നത് പരിശോധനയിൽ ഉറപ്പാക്കാൻ ഒക്കുപ്പൻസി നൽകുമ്പോൾ കംപ്ലീഷൻ പ്ലാനിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷകന് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ/ഒക്കുപ്പൻസി അനുവദിക്കപ്പെട്ട കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ/മാറ്റങ്ങൾ കണ്ടെത്തിയഥാസമയം തുടർനടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ചാണ് മേൽ ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറും നിർദ്ദേശങ്ങളും വ്യക്തമാക്കിയിട്ടുള്ളത്. ആയവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾക്ക് ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തിയിട്ടുണ്ടെന്നും എത്ര കെട്ടിടങ്ങൾക്ക് പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെന്നും, കെട്ടിടങ്ങൾക്ക് മാറ്റം വന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തി തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളും രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻകയറി 17/20.09.2025 നൽകിയ മറുപടിയിൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ കെട്ടിടങ്ങളുടേയും വിവരങ്ങൾ കരകുളം ഗ്രാമപഠന കേന്ദം വഴി ജി.ഐ.എസ് മാപ്പിംഗ് നടത്തിയിട്ടുള്ളതായി അറിയിച്ചു. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽ വിവരങ്ങൾ പരിഷ്കരിക്കുന്നതിനുള്ള അപ്ഡേഷൻ നാളിതുവര ലഭ്യമല്ലാത്തതിനാലാണ് നികുതി പുനർനിർണ്ണയ വിവരങ്ങൾ സഞ്ചയയിൽ ലഭ്യമല്ലാത്തത് എന്നും അറിയിച്ചു. ഡാറ്റ എൻട്രി പൂർത്തിയാകുന്ന മുറക്ക് തുടർ നടപടികളും പൂർത്തീകരിക്കുന്നതാണ് എന്നും ഓഡിറ്റിന് മറുപടി ലഭ്യമാക്കി. സഞ്ചയ/ K Smart ൽ വിവരങ്ങൾ ഡാറ്റ എൻട്രി പൂർത്തീകരിച്ച് വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്. ഡാറ്റ എൻട്രി വരുത്താത്തിടത്തോളം ബിൽഡിംഗ് സർവ്വേക്കായി വിനിയോഗിച്ച പണത്തിന് പ്രയോജനം ലഭിക്കാത്ത അവസ്ഥ വരുകയും അനധികൃത/നികുതി അടവാക്കാത്ത ബിൽഡിംഗുകൾ നിലനിൽക്കുന്നതുമാണ്.

## 1-14 ലൈവ് സ്റ്റോക്ക് ഫാമിന് ലൈസൻസ് ഫീകുറവായി ഈടാക്കി

തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റ ലൈവ് സ്റ്റോക്ക് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചു. 2024-25 വർഷത്തിൽ പൗൾട്രി ഫാർമുകൾക്ക് ലൈസൻസ് അനുവദിച്ചതിൽ 5000 കോഴികളെ വളർത്തുന്നതിന് ക്ലാസ് IV ൽ ഉൾപ്പടുത്തി 250 രൂപ ലൈസൻസ് ഫീ ഈടാക്കി ലൈസൻസ് അനുവദിച്ചതായി കാണുന്നു.തദ്ദേശ സ്വയം ഭരണ (ആർ.ഡി)വകുപ്പ്, സ.ഉ(അ)40/2024 തീ. 23.07.2024 പ്രകാരം 4001 മുതൽ 5000 വരെ കോഴികളെ വളർത്തുന്ന പൗൾട്രി ഫാർമുകൾക്ക് ക്ലാസ് V ൽ ഉൾപ്പടുത്തി 1000 രൂപ ലൈസൻസ് ഫീ ഈടാക്കിയായിരുന്നു ലൈസൻസ്

അനുവദിക്കേണ്ടിയിരുന്നത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ലൈസൻസിയുടെ പേര് | വാർഡ് നമ്പർ | അനുവദിച്ച ക്ലാസ് | അനുവദിക്കേണ്ട ക്ലാസ് | ഈടാക്കിയ ലൈസൻസ് ഫീ | രസീത് നമ്പർ | ഈടാക്കേണ്ട ലൈസൻസ് ഫീ | റിമാർക്സ് |
|---|---|---|---|---|---|---|---|
| മുസ്തഫ. വിക, വാളക്കുണ്ടൻ ഹൗസ് | 13/264 A | IV | V | 250 | 1240101077/ 05.08.2024 | 1000 | ലൈസൻസ് രജിസ്റ്റർ പേജ് നം 95, ക്രമ നം. 2 |

ലൈസൻസ് ഫീ കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 10/2024-25/15.09.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചട്ട പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കി ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 1-15 തൊഴിൽ നികുതി - അപാകതകൾ

തുവ്വൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ സ്ഥാപനങ്ങളിലായി ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 2024-25 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളും സ്ഥാപനമേധാവികൾ ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ഗ്രാമ പഞ്ചായത്തിന്റ വാടക കെട്ടിടത്തിൽ (14/240A) പവിഴം ന്യൂട്രീമിക്സ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട് . ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പടുത്തി കാണുന്നില്ല. അർദ്ധവാർഷിക വരുമാനം അടിസ്ഥാനമാക്കി ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തുവ്വൂർ നിധി ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും 2024-25 സാമ്പത്തിക വർഷം ഇരു അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയതായി രജിസ്റ്ററിൽ രേഖപ്പടുത്തി കാണുന്നില്ല. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എങ്കിൽ ആയത് കൂടി ഈടാക്കേണ്ടതാണ്.

3. പുതുക്കിയ നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും തൊഴിൽ നികുതി ഈടാക്കുന്നതിന് അർദ്ധവാർഷിക വരുമാനം അടിസ്ഥാനമാക്കിയുള്ള നിരക്കുകൾ 2024-25 രണ്ടാം അർദ്ധവർഷം ആരംഭിക്കുന്ന 01.10.2024 പ്രാബല്യത്തിൽ സ.ഉ.(സാധാ) നം. 1149/2024/LSGD, തീയ്യതി. 27.06.2024 പ്രകാരം പരിഷ്കരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

പുതുക്കിയ നിരക്ക് അടിസ്ഥാനമാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ താഴെപ്പറയും പ്രകാരം കുറവായാണ് ഈടാക്കിയിട്ടുള്ളതെന്ന് വ്യക്തമായി.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധ വാർഷിക വരുമാനം (₹) | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി (₹) | ഈടാക്കിയ തൊഴിൽ നികുതി (₹) | കുറവായി ഈടാക്കിയത് (₹) |
|---|---|---|---|---|---|---|---|
| 1 | ഹോമിയോ(ആയുഷ്) ഡിസ്പൻസറി തുവ്വൂർ | ഖൈറുന്നീസ | പി.ടി.എസ് | 60000 | 750 | 600 | 150 |
| 2 | ജി.എച്ച്.എസ് തുവ്വൂർ | സുനിൽ കുമാർ | എച്ച്.എസ്.എ താൽക്കാലികം | 79200 | 750 | 600 | 150 |
| 3 | ജി.എം.എൽ.പി.എസ്, മാമ്പുഴ | മുബഷിറ കെ.പി | എൽ.പി.എസ്.ടി | 21010 | 450 | 320 | 130 |

കുറവുള്ള തുക മേൽ ജീവനക്കാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ് ചെയ്യാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ആയത് അർദ്ധ വാർഷിക വരുമാനം കണക്കാക്കി ചട്ട പ്രകാരമുള്ള തൊഴിൽ നികുതി പിരിച്ച് എടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നം. 12/24-25/ 16.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 റോഡ് കട്ടിംഗ് - റീസ്റ്റോറേഷൻ വിവരം ലഭ്യമാക്കേണ്ടതാണ്

തുവ്വൂർ ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് റോഡ് കട്ടിംഗിനായി ജനറൽ മാനേജർ, വോഡാഫോൺ-ഐഡിയ

ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ അപേക്ഷയിൽ അസി എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം റീസ്റ്റോറേഷൻ ചാർജിന്റ 1/3 തുക ബാങ്ക് ഗ്യാരണ്ടിയായും 2.5% സൂപ്പർവിഷൻ ചാർജായും ഈടാക്കി റോഡ് കട്ട് ചെയ്യുന്നതിന് ചുവടെ കൊടുത്ത പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം | സുഗമ പോർട്ടൽ അപേക്ഷ നം | റോഡ് റീസ്റ്റോറേഷൻ എസ്റ്റിമേറ്റ് തുക | ബാങ്ക് ഗ്യാരണ്ടി | സൂപ്പർവിഷൻ ചാർജ് | E-Stamp SL.No |
|---|---|---|---|---|---|
| 1 | ROW/1037288/125689 | 437925 | 145975 (Certificate No. IN-DL06335501069421W) | 10948 | 202425000001481894 |
| 2 | ROW/10118299/129198 | 4691227 | 938245 (20%) (Certificate No. IN-DL33615504733243X) | 24569 | 202425000002091786 |

മേൽ പ്രവൃത്തിക്കുള്ള അനുമതി ഉത്തരവ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് ഒരുമാസത്തിനകം കട്ട് ചെയ്ത ഭാഗങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ റീട്ടാറിംഗ്/ കോണ്ക്രീറ്റ് നടത്തി പൂർവ്വസ്ഥിതിയിലാക്കി വിവരം പഞ്ചായത്തിനെ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആയതിനാൽ മേൽ പ്രകാരംമുള്ള റോഡ് കട്ടിംഗ് ചെയ്തിട്ടുണ്ട് എങ്കിൽ അസി. എഞ്ചിനീയർ പ്രവൃത്തി സൂപ്പർവിഷൻ ചെയ്ത് റോഡ് പൂർവ്വസ്ഥിതിയിലാക്കിയതിന്റെ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻകൗയറി നം.32/2024-25/24.9.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 പൊതു ടാപ്പുകളിലെ വെള്ളക്കരം - സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

പൊതു ടാപ്പുകളിലെ വെള്ളക്കരം അടവാക്കുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ. | വൗച്ചർ നമ്പർ. | ചെലവ് തുക. |
|---|---|---|
| 1 | 22400046/17.04.2024 | 84928 |
| 2 | 22400109/10.05.2024 | 84928 |
| 3 | 22400179/13.06.2024 | 84928 |
| 4 | 22400246/17.07.2024 | 84928 |
| 5 | 22400333/09.08.2024 | 84928 |
| 6 | 22400438/10.09.2024 | 84928 |
| 7 | 22400532/09.10.2024 | 84928 |
| 8 | 22400820/19.11.2024 | 84928 |
| 9 | 22400930/12.12.2024 | 84928 |
| 10 | 22401032/10.01.2025 | 84928 |
| 11 | 22401118/12.02.2025 | 84928 |
| 12 | 22401223/12.03.2025 | 84928 |
| | ആകെ | 10,19,136 |

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1). സ.ഉ(സാ.ധാ) 1275/2009/ത.സ്വ.ഭ.വ തീയതി. 30.6.2009 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതു ടാപ്പുകളുടെ എണ്ണം കേരള ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന് നിർദേശിച്ചിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

2). ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 70 പൊതു ടാപ്പുകൾക്കാണ് നിലവിൽ വെള്ളക്കരം അടവാക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലെ ആകെ ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമമായ ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം ലഭ്യമല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകൗയറി നം. 11/16.09.2025 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-18 വാഹന ഇൻഷൂറൻസ് - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

18.04.2000തിയ്യതിയിലെ സ.ഉ (പി) 89/2000/ധന നമ്പർ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളുടെയും തേഡ് പാർട്ടി ഇൻഷുറൻസ് പോളിസി, കേരള സ്റ്റേറ്റ് ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്. സർക്കാർ വാഹനങ്ങൾക്ക് പുതുതായി പോളിസി എടുക്കുമ്പോഴോ, നിലവിലുള്ളവ പുതുക്കുമ്പോഴോ എല്ലാ തരത്തിലുമുള്ള ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്ന Comprehensive Insurance Policy

അല്ലെങ്കിൽ Act Only Policy With Legal Liability Coverage ഇവയിൽ ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും എടുക്കണമെന്ന് 07.08.2021 ലെ ഗതാഗതവകുപ്പിന്റെ സർക്കുലർ നമ്പർ ബി2/278/2019 പ്രകാരവും ഉത്തരവായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 71 B 8774 നമ്പർ വാഹനത്തിന്റെ ഇൻഷൂറൻസ് താഴെ പറയും പ്രകാരം United India Insurance Co.Ltd യിൽ നിന്നാണ് എടുത്തിട്ടുള്ളത്.

| **ക്രമ നമ്പർ.** | **വൗച്ചർ നമ്പർ/ തിയ്യതി (തുക).** | **തുക (₹).** |
|---|---|---|
| 1 | 22400472/20.09.2024. | 3,012/- |

സർക്കാർ ഉത്തരവിനു വിരുദ്ധമായി വാഹനത്തിന്റെ ഇൻഷൂറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകൗയറി നമ്പർ.12/16.09.2025 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-19 ലൈബ്രറി സെസ്സ് അടവാക്കുന്നതിൽ കാലതാമസം.

കേരള പബ്ലിക് ലൈബ്രറീസ് (ഗ്രന്ഥശാലാ സംഘം) ആക്ട്, 1989ലെ വകുപ്പ് 48(1) പ്രകാരം നിശ്ചിത തുക വസ്തുനികുതിയിൽ നിന്നും ഈടാക്കി സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകേണ്ടതാണ്. സർക്കുലർ നം. 17263/എൽ.3/തസ്വഭവ തിയതി. 29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം തുക അടവാക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുമുണ്ട്.

ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

എന്നാൽ തുവ്വൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ലൈബ്രറി സെസ്സ് ഇനത്തിൽ അടവാക്കേണ്ടിയിരുന്ന 2,37,542/- രൂപ, 22400193 നമ്പർ വൗച്ചർ പ്രകാരം 26.06.2024 നാണ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കിയിട്ടുള്ളത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ലൈബ്രറി സെസ്സ് തുക അടവാക്കാൻ കാലതാമസം വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ നിന്നുള്ള കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻകൗയറി നമ്പർ.13/16.09.2025 –മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-20 വിവിധ പദ്ധതികൾ പ്രകാരമുള്ള മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.

| പ്രൊജക്ട് നമ്പർ / പേര്. | 83/25 – പാലിയേറ്റീവ് കെയർ പരിചരണവും കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങലും. | 90/25 – കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ. |
|---|---|---|
